നമ്പർ: ICPS-3/31205/14

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,തിരുവനന്തപുരം
തീയതി: 15.07.2015

## സർക്കുലർ

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ICPS - ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലും ജുവനൈൽ ജസ്റ്റീസ് ബോർഡിലും ഉള്ള മെമ്പർമാരുടെ/ചെയർമാൻമാരുടെ ഒഴിവുകൾ നികത്തുന്നതു സംബന്ധിച്ച്.

സൂചന :-
1. ഈ ഓഫീസിലെ 04.06.2015 തീയതിലെ ICPS-3/31205/14(1) & ICPS- 3/31205/14(2) എന്നീ നമ്പർ വിജ്ഞാപനങ്ങൾ
2. ഈ ഓഫീസിലെ ഇതേ നമ്പരിലെ 01.07.2015 തീയതിയിലെ വിജ്ഞാപനം

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ കാലാവധി കഴിഞ്ഞിരിക്കുന്നു. കൂടാതെ കോഴിക്കോട് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാന്റേയും, കാസർഗോഡ് ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ മൂന്ന് മെമ്പർമാരുടേയും, വയനാട് ജില്ലയിലെ ജുവനൈൽ ജസ്റ്റീസ് ബോർഡിൽ ഒരു വനിതാ അംഗത്തിന്റേയും ഒഴിവുകൾ ഉണ്ട്. മേൽപറഞ്ഞ ആറു ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ പുതിയ ചെയർമാൻമാരേയും മെമ്പർമാരേയും തെരഞ്ഞെടുത്ത് പുനസംഘടിപ്പിക്കുന്നതിനും മറ്റു മൂന്നു ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റി/ ജുവനൈൽ ജസ്റ്റീസ് ബോർഡുകളിലെ നിലവിലെ ഒഴിവുകൾ നികത്തുന്നതിനും മേൽസൂചനപ്രകാരം വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനങ്ങളുടെ ഒരോ പകർപ്പ് അറിവിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. മേൽ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അപേക്ഷകൾ സമർപ്പിയ്ക്കേണ്ട അവസാന തീയതിയും സമയവും രണ്ടാം സൂചനപ്രകാരം 25.07.2015 വൈകുന്നേരം 5 മണിവരെയായി ദീർഘിപ്പിച്ചിട്ടുണ്ട്. എല്ലാ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകളും മേല്പ്പറഞ്ഞ വിജ്ഞാപനം സംബന്ധിച്ചു അതാത് ജില്ലകളിൽ പ്രചാരണം നടത്തേണ്ടതും, കൂടുതൽ അപേക്ഷകൾ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർ(ഭരണം)

എല്ലാ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർക്കും

നമ്പർ: ICPS-3/31205/14(1)

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 04.06.2015

## വിജ്ഞാപനം

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ICPS - ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പുനസംഘടിപ്പിക്കുന്നതിനും നിലവിലുളള അംഗങ്ങളുടെ ഒഴിവുകൾ നികത്തുന്നതിനും അപേക്ഷ ക്ഷണിയ്ക്കുന്നു.

2014 ലെ കേരളാ ജുവനൈൽ ജസ്റ്റീസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻസ്) ചട്ടങ്ങളിലെ ചട്ടം 24 അനുസരിച്ച് കാലാവധി കഴിഞ്ഞ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ ചെയർപെഴ്സൺമാരേയും അംഗങ്ങളേയും തെരെഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിയ്ക്കുന്നു.

ഓരോ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലും ഒരു ചെയർപേഴ്സണും, നാല് അംഗങ്ങളും ഉൾപ്പടെയുള്ള അഞ്ചു പേരാണ് ഉണ്ടായിരിക്കേണ്ടത്. അവരിൽ രണ്ടു പേർ വനിതകളും ഒരാൾ കുട്ടികളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ വൈദഗ്ധ്യമുള്ള ആളുമായിരിക്കണം.

**ഒഴിവുകൾ:-**

ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലെ നിലവിലുളള ഒഴിവുകൾ ചുവടെ ചേർക്കുന്നു:-

| ക്രമ നം | ജില്ല | ഒഴിവുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | ചെയർമാൻ - 1,മെമ്പർമാർ - 4 (രണ്ട് ഒഴിവുകൾ വനിതകൾക്കുളളതായിരിക്കും) |
| 2 | കൊല്ലം | ചെയർമാൻ - 1,മെമ്പർമാർ - 4 (രണ്ട് ഒഴിവുകൾ വനിതകൾക്കുളളതായിരിക്കും) |
| 3 | പത്തനംതിട്ട | ചെയർമാൻ - 1,മെമ്പർമാർ - 4 (രണ്ട് ഒഴിവുകൾ വനിതകൾക്കുളളതായിരിക്കും) |
| 4 | കോട്ടയം | ചെയർമാൻ - 1,മെമ്പർമാർ - 4 (രണ്ട് ഒഴിവുകൾ വനിതകൾക്കുളളതായിരിക്കും) |
| 5 | ആലപ്പുഴ | ചെയർമാൻ - 1,മെമ്പർമാർ - 4 (രണ്ട് ഒഴിവുകൾ വനിതകൾക്കുളളതായിരിക്കും) |
| 6 | എറണാകുളം | ചെയർമാൻ - 1,മെമ്പർമാർ - 4 (രണ്ട് ഒഴിവുകൾ വനിതകൾക്കുളളതായിരിക്കും) |
| 7 | കോഴിക്കോട് | ചെയർമാൻ - 1 |
| 8 | കാസർഗോഡ് | മെമ്പർമാർ - 3 ( വനിതാ മെമ്പറുടെ ഒരു ഒഴിവാണുളളത്) |

കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ പുതുതായി തെരെഞ്ഞെടുക്കുന്ന ചെയർമാന്റേയും, മെമ്പർമാരുടേയും കാലാവധി നിലവിലെ ബോർഡിന്റെ കാലാവധി തീരുന്നത് വരെയാണ്.

**യോഗ്യതകൾ:-**

ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ചെയർപെഴ്സണായും അംഗമായും തെരെഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഇപ്രകാരമാണ് :-

(1) സോഷ്യൽ സയൻസിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ ആരോഗ്യം, വിദ്യാഭ്യാസം, നിയമം എന്നീ വിഷയങ്ങളിലേതെങ്കിലുമൊന്നിലുള്ള ബിരുദവും ആരോഗ്യം, വിദ്യാഭ്യാസം, ശിശു വികസനം, കറക്ഷണൽ സർവ്വീസ് എന്നിവയിൽ ഏതെങ്കിലുമൊരു രംഗത്തുള്ള പരിചയവും.

(2) ശിശുക്ഷേമപ്രവർത്തനങ്ങളുടെ ആസൂത്രണം, നിർവ്വഹണം, ഭരണം എന്നിവയിൽ ഏഴ് വർഷത്തിൽ കുറയാത്ത പരിചയം.

**അയോഗ്യതകൾ:-**

കമ്മിറ്റിയിലെ ചെയർപെഴ്സണായോ മെമ്പറായോ തെരെഞ്ഞെടുക്കപ്പെടുന്നതിന് താഴെപ്പറയുന്നവരെ പരിഗണിയ്ക്കുന്നതല്ല :-

(1) സദാചാര വിരുദ്ധപ്രവർത്തനങ്ങളിൽ ശിക്ഷിയ്ക്കപ്പെട്ടവർ.

(2) കുട്ടികൾക്കെതിരെയുള്ളഅതിക്രമങ്ങൾ, കുട്ടികളെ കൊണ്ട് പണിയെടുപ്പിക്കൽ, മനുഷ്യാവകാശ ലംഘനങ്ങൾ, അസാന്മാർഗിക പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിട്ടുള്ളവർ.

(3) കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സമയവും ശ്രദ്ധയും നല്കാനാവാത്ത വിധത്തിലുള്ള മറ്റു തൊഴിലുകൾ ചെയ്യുന്നവർ

(4) നിശ്ചയിക്കപ്പെട്ടിട്ടുള്ള യോഗ്യതയും പരിചയവും ഇല്ലാത്തവർ.

**വയസ്സ്:-**

അപേക്ഷകർക്ക് 01.06.2015 ന് 35 വയസ്സ് പൂർത്തിയായിരിക്കേണ്ടതും 70 വയസ്സ് കവിയാനും പാടില്ലാത്തതാണ്.

**അപേക്ഷ:-**

ഇതോടൊപ്പം ചേർത്തിട്ടുള്ള നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകേണ്ടതാണ് അപേക്ഷയോടൊപ്പം വയസ്സ്, യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഉണ്ടായിരിക്കണം.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും: 2015 ജൂൺ 30 വൈകുന്നേരം അഞ്ചു മണി

അപേക്ഷകൾ " സാമൂഹ്യനീതി ഡയറക്ടർ, സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS), പ്രിസൺ ഹെഡ് ക്വാർട്ടേഴ്സിന് എതിർവശം, പൂജപ്പുര, തിരുവനന്തപുരം, പിൻ – 695012" എന്ന വിലാസത്തിൽ അയയ്ക്കുകയോ നേരിട്ടു സമർപ്പിക്കുകയോ ചെയ്യണം.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ (ഇൻചാർജ്)

നമ്പർ: ICPS-3/31205/14(2)

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 04.06.2015

## വിജ്ഞാപനം

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ICPS - വയനാട് ജില്ലയിലെ ജുവനൈൽ ജസ്റ്റീസ് ബോർഡിലെ വനിതാ അംഗത്തിന്റെ ഒഴിവ് നികത്തുന്നതിന് അപേക്ഷ ക്ഷണിയ്ക്കുന്നു.

2014 ലെ കേരളാ ജുവനൈൽ ജസ്റ്റീസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻസ്) ചട്ടങ്ങളിലെ ചട്ടം 5 അനുസരിച്ച് വയനാട് ജില്ലയിലെ ജുവനൈൽ ജസ്റ്റീസ് ബോർഡിൽ നിലവിലുള്ള ഒരു വനിതാ അംഗത്തിന്റെ ഒഴിവു നികത്തുന്നതിന് യോഗ്യരായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിയ്ക്കുന്നു. പുതുതായി തെരെഞ്ഞെടുക്കുന്ന അംഗത്തിന്റെ കാലാവധി നിലവിലെ ബോർഡിന്റെ കാലാവധി തീരുന്നത് വരെയാണ്.

**യോഗ്യതകൾ:-**

ജുവനൈൽ ജസ്റ്റീസ് ബോർഡിൽ അംഗമായി തെരെഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഇപ്രകാരമാണ് :-

(1) സോഷ്യൽ സയൻസിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ ആരോഗ്യം, വിദ്യാഭ്യാസം, നിയമം എന്നീ വിഷയങ്ങളിലേതെങ്കിലുമൊന്നിലുള്ള ബിരുദവും ആരോഗ്യം, വിദ്യാഭ്യാസം, ശിശു വികസനം, കറക്ഷണൽ സർവ്വീസ് എന്നിവയിൽ ഏതെങ്കിലുമൊരു രംഗത്തുള്ള പരിചയവും.

(2) ശിശുക്ഷേമപ്രവർത്തനങ്ങളുടെ ആസൂത്രണം ,നിർവ്വഹണം,ഭരണം എന്നിവയിൽ ഏഴ് വർഷത്തിൽ കുറയാത്ത പരിചയം.

**അയോഗ്യതകൾ:-**

ജുവനൈൽ ജസ്റ്റീസ് ബോർഡിലെ മെമ്പറായി തെരെഞ്ഞെടുക്കപ്പെടുന്നതിന് താഴെപ്പറയുന്നവരെ പരിഗണിയ്ക്കുന്നതല്ല.

(1) സദാചാര വിരുദ്ധപ്രവർത്തനങ്ങളിൽ ശിക്ഷിയ്ക്കപ്പെട്ടവർ.

(2) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ,കുട്ടികളെ കൊണ്ട് പണിയെടുപ്പിക്കൽ, മനുഷ്യാവകാശ ലംഘനങ്ങൾ, അസാന്മാർഗിക പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിട്ടുള്ളവർ.

(3) നിശ്ചയിക്കപ്പെട്ടിട്ടുള്ള യോഗ്യതയും പരിചയവും ഇല്ലാത്തവർ.

വയസ്സ്:-

അപേക്ഷകർക്ക് 01.06.2015 ന് 35 വയസ്സ് പൂർത്തിയായിരിക്കേണ്ടതും 70 വയസ്സ് കവിയാനും പാടില്ലാത്തതാണ്.

അപേക്ഷ:-

അപേക്ഷകന്റെ പൂർണ്ണമായ പേരും, മേൽ വിലാസവും, അപേക്ഷിക്കുന്ന പദവി, യോഗ്യതകൾ, പ്രവർത്തി പരിചയം, വയസ്സ്, ലിംഗം മുതലായ വിവരങ്ങൾ ഉണ്ടായിരിക്കണം. അപേക്ഷയോടൊപ്പം വയസ്സ്, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും വയ്ക്കണം.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും: 2015 ജൂൺ 30 വൈകുന്നേരം അഞ്ചു മണി

അപേക്ഷകൾ " സാമൂഹ്യനീതി ഡയറക്ടർ, സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS), പ്രിസൺ ഹെഡ് ക്വാർട്ടേഴ്സിന് എതിർവശം, പൂജപ്പുര, തിരുവനന്തപുരം, പിൻ – 695012 " എന്ന വിലാസത്തിൽ അയയ്ക്കുകയോ നേരിട്ടു സമർപ്പിക്കുകയോ ചെയ്യണം.

(signature)

സാമൂഹ്യനീതി ഡയറക്ടർ(ഇൻചാർജ്)

നമ്പർ: ICPS-3/31205/14

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 01.07.2015

## വിജ്ഞാപനം

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ICPS - ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പുനസംഘടിപ്പിക്കുന്നതിനും CWC/JJBകളിലെ നിലവിലുള്ള അംഗങ്ങളുടെ ഒഴിവുകൾ നികത്തുന്നതിനുള്ള അപേക്ഷ സമർപ്പിയ്ക്കുന്നതിനുള്ള തീയതി ദീർഘിപ്പിയ്ക്കുന്നു

2014 ലെ കേരളാ ജുവനൈൽ ജസ്റ്റീസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻസ്) ചട്ടങ്ങളിലെ ചട്ടം 24 അനുസരിച്ച് കാലാവധി കഴിഞ്ഞ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ ചെയർപെഴ്സൺമാരേയും അംഗങ്ങളേയും തെരെഞ്ഞെടുക്കുന്നതിനും ചട്ടം 5 അനുസരിച്ച് വയനാട് ജുവനൈൽ ജസ്റ്റീസ് ബോർഡിലെ വനിതാ മെമ്പറുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും അപേക്ഷ ക്ഷണിച്ചുകൊണ്ട് സാമൂഹ്യനീതി വകുപ്പിന്റെ 04.06.2015 തീയതിലെ ICPS-3/31205/14(1) & ICPS-3/31205/14(2) വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനങ്ങൾ പ്രകാരമുള്ള അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും 2015 ജൂലൈ 25 വൈകുന്നേരം അഞ്ചു മണി വരെയായി ദീർഘിപ്പിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ രണ്ടു വിജ്ഞാപനങ്ങൾ പ്രകാരമുള്ള ഒഴിവുകളുടേയും അപേക്ഷകർക്ക് വേണ്ട യോഗ്യതകളുടേയും മറ്റും വിവരങ്ങൾ താഴെക്കൊടുക്കുന്നു.

**ഒഴിവുകൾ:-**

ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലെ നിലവിലുള്ള ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു:-

| ക്രമ നം | ജില്ല | ഒഴിവുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | ചെയർമാൻ - 1,മെമ്പർമാർ - 4<br>(രണ്ട് ഒഴിവുകൾ വനിതകൾക്കുള്ളതായിരിക്കും) |
| 2 | കൊല്ലം | ചെയർമാൻ - 1,മെമ്പർമാർ - 4<br>(രണ്ട് ഒഴിവുകൾ വനിതകൾക്കുള്ളതായിരിക്കും) |
| 3 | പത്തനംതിട്ട | ചെയർമാൻ - 1,മെമ്പർമാർ - 4<br>(രണ്ട് ഒഴിവുകൾ വനിതകൾക്കുള്ളതായിരിക്കും) |
| 4 | കോട്ടയം | ചെയർമാൻ - 1,മെമ്പർമാർ - 4<br>(രണ്ട് ഒഴിവുകൾ വനിതകൾക്കുള്ളതായിരിക്കും) |
| 5 | ആലപ്പുഴ | ചെയർമാൻ - 1,മെമ്പർമാർ - 4<br>(രണ്ട് ഒഴിവുകൾ വനിതകൾക്കുള്ളതായിരിക്കും) |
| 6 | എറണാകുളം | ചെയർമാൻ - 1,മെമ്പർമാർ - 4<br>(രണ്ട് ഒഴിവുകൾ വനിതകൾക്കുള്ളതായിരിക്കും) |
| 7 | കോഴിക്കോട് | ചെയർമാൻ - 1 |
| 8 | കാസർഗോഡ് | മെമ്പർമാർ - 3<br>( ഒരു ഒഴിവ് വനിതാ മെമ്പറുടേതാണ്) |

കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ പുതുതായി തെരെഞ്ഞെടുക്കുന്ന ചെയർമാന്റേയും, മെമ്പർമാരുടേയും കാലാവധി നിലവിലെ ബോർഡിന്റെ കാലാവധി തീരുന്നത് വരെയാണ്.

വയനാട് ജുവനൈൽ ജസ്റ്റീസ് ബോർഡിൽ വനിതാ മെമ്പറുടെ ഒരു ഒഴിവ് നിലവിൽ ഉണ്ട്. നിലവിലെ ബോർഡിന്റെ കാലാവധി തീരുന്നത് വരെയാണ് പുതുതായി തെരെഞ്ഞെടുക്കപ്പെടുന്ന മെമ്പറുടെ കാലാവധി.

**യോഗ്യതകൾ:-**

ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ചെയർപെഴ്സണേയും മെമ്പർമാരേയും, ജുവനൈൽ ജസ്റ്റീസ് ബോർഡ് മെമ്പറേയും തെരെഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഇപ്രകാരമാണ് :-

(1) സോഷ്യൽ സയൻസിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ ആരോഗ്യം, വിദ്യാഭ്യാസം, നിയമം എന്നീ വിഷയങ്ങളിലേതെങ്കിലുമൊന്നിലുള്ള ബിരുദവും ആരോഗ്യം, വിദ്യാഭ്യാസം, ശിശു വികസനം, കറക്ഷണൽ സർവ്വീസ് എന്നിവയിൽ ഏതെങ്കിലുമൊരു രംഗത്തുള്ള പരിചയവും.

(2) ശിശുക്ഷേമപ്രവർത്തനങ്ങളുടെ ആസൂത്രണം, നിർവ്വഹണം, ഭരണം എന്നിവയിൽ ഏഴ് വർഷത്തിൽ കുറയാത്ത പരിചയം.

**അയോഗ്യതകൾ:-**

ചെയർപെഴ്സണായോ മെമ്പറായോ തെരെഞ്ഞെടുക്കപ്പെടുന്നതിന് താഴെപ്പറയുന്നവരെ പരിഗണിയ്ക്കുന്നതല്ല :-

(1) സദാചാര വിരുദ്ധപ്രവർത്തനങ്ങളിൽ ശിക്ഷിയ്ക്കപ്പെട്ടവർ.

(2) കുട്ടികൾക്കെതിരെയുള്ളഅതിക്രമങ്ങൾ, കുട്ടികളെ കൊണ്ട് പണിയെടുപ്പിക്കൽ, മനുഷ്യാവകാശ ലംഘനങ്ങൾ, അസാന്മാർഗിക പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിട്ടുള്ളവർ.

(3) കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സമയവും ശ്രദ്ധയും നല്കാനാവാത്ത വിധത്തിലുള്ള മറ്റു തൊഴിലുകൾ ചെയ്യുന്നവർ

(4) നിശ്ചയിക്കപ്പെട്ടിട്ടുള്ള യോഗ്യതയും പരിചയവും ഇല്ലാത്തവർ.

**വയസ്സ്:-**

അപേക്ഷകർക്ക് 01.06.2015 ന് 35 വയസ്സ് പൂർത്തിയായിരിക്കേണ്ടതും 70 വയസ്സ് കവിയാനും പാടില്ലാത്തതാണ്.

**അപേക്ഷ:-**

ഇതോടൊപ്പം ചേർത്തിട്ടുള്ള നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകേണ്ടതാണ് അപേക്ഷയോടൊപ്പം വയസ്സ്, യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഉണ്ടായിരിക്കണം.

അപേക്ഷകൾ " സാമൂഹ്യനീതി ഡയറക്ടർ, സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS), പ്രിസൺ ഹെഡ് ക്വാർട്ടേഴ്സിന് എതിർവശം, പൂജപ്പുര, തിരുവനന്തപുരം, പിൻ – 695012 "എന്ന വിലാസത്തിൽ അയയ്ക്കുകയോ നേരിട്ടു സമർപ്പിക്കുകയോ ചെയ്യണം.

Vasitha

സാമൂഹ്യനീതി ഡയറക്ടർ